പതിനാറാം കേരളനിയമസഭ

രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 2739 **28-10-2026-ൽ മറുപടിയ്ക്ക്**

ഗുരുവായൂർ മണ്ഡലത്തിൽ കടൽക്ഷോഭം നേരിടുന്നതിനും തീരശോഷണം തടയാനുമുള്ള പദ്ധതികൾ

ചോദ്യം ഉന്നയിച്ച അംഗങ്ങൾ **മറുപടി നൽകിയ മന്ത്രി**

ശ്രീ. എൻ. കെ. അക്ബർ ശ്രീ. മോൻസ് ജോസഫ്
(ജലവിഭവ - ഭവനനിർമ്മാണ വകുപ്പ് മന്ത്രി)

(എ) ഗുരുവായൂർ മണ്ഡലത്തിൽ കടൽക്ഷോഭം നേരിടുന്നതിനും തീരശോഷണം തടയുന്നതിനുമായി ഏതൊക്കെ പദ്ധതികൾ തയ്യാറാക്കി സമർപ്പിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ;

മറുപടി: ഗുരുവായൂർ മണ്ഡലത്തിനു കീഴിൽ കടൽക്ഷോഭം നേരിടുന്നതിനും തീരശോഷണം തടയുന്നതിനുമായി നിലവിൽ പുരോഗമിച്ചു വരുന്ന പ്രവൃത്തികളും പ്രൊപ്പോസലുകൾ സമർപ്പിച്ചതുമായ പ്രവൃത്തികളുടെ **പട്ടിക അനുബന്ധമായി** ചേർക്കുന്നു.

കൂടാതെ ഗുരുവായൂർ മണ്ഡലത്തിൽ കടൽക്ഷോഭം നേരിടുന്നതിനും തീരസംരക്ഷണം ഉറപ്പാക്കുന്നതിനുമായി മിഷൻ ഡയറക്ടറുടെ കീഴിൽ താഴെപ്പറയുന്ന പദ്ധതികൾ തയ്യാറാക്കിയിട്ടുണ്ട്.

1.കടപ്പുറം ഗ്രാമപഞ്ചായത്തിലെ തീരസംരക്ഷണ പദ്ധതി: തൃശ്ശൂർ ജില്ലയിലെ ഗുരുവായൂർ മണ്ഡലത്തിൽ കടപ്പുറം ഗ്രാമപഞ്ചായത്തിലെ CP 1381 മുതൽ CP 1409 വരെയുള്ള ഏകദേശം 5 കിലോമീറ്റർ നീളത്തിലുള്ള തീരപ്രദേശത്ത് കടൽക്ഷോഭം തടയുന്നതിനും തീരസംരക്ഷണം ഉറപ്പാക്കുന്നതിനുമുള്ള പ്രവർത്തികൾ ലോകബാങ്ക് പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

2.ചെറുവ-വാടാനപ്പള്ളി തീരസംരക്ഷണ പദ്ധതി: ചെറുവ ബീച്ചിന് സമീപമുള്ള തീരപ്രദേശത്തെ (1030'23" N, 7602' 23" E) വടക്കൻ അതിർത്തിയായും വാടാനപ്പള്ളി ബീച്ചിന് വടക്കുഭാഗത്തുള്ള തീരപ്രദേശത്തെ (1027' 44" N, 7603' 48" E) തെക്കൻ അതിർത്തിയായും നിശ്ചയിച്ചിട്ടുള്ള ഏകദേശം 5.3 കിലോമീറ്റർ നീളത്തിലുള്ള തീരപ്രദേശത്ത് തീരസംരക്ഷണ പ്രവർത്തനങ്ങൾ ഏഷ്യൻ വികസന ബാങ്കിന്റെ (ADB) ധനസഹായത്തോടെ നടപ്പിലാക്കുന്നതിനായി ഉൾപ്പെടുത്തിയിട്ടുണ്ട്.

നിലവിൽ, ലോകബാങ്കിന്റെ (WB) ധനസഹായത്തോടെ നടപ്പിലാക്കാൻ ഉദ്ദേശിക്കുന്ന കടപ്പുറം തീരസംരക്ഷണ പ്രവൃത്തിയുടെ ഡിസൈൻ പുരോഗമിച്ചുവരികയാണ്. ഡിസൈൻ പൂർത്തിയായി പ്രവൃത്തിയുടെ എസ്റ്റിമേറ്റ് സർക്കാരിൽ ലഭ്യമാക്കുന്ന മുറക്ക് പരിശോധിച്ചു നടപടി സ്വീകരിക്കാവുന്നതാണ്.

കൂടാതെ, ഏഷ്യൻ വികസന ബാങ്കിന്റെ (ADB) ധനസഹായത്തോടെ നടപ്പിലാക്കാൻ ഉദ്ദേശിക്കുന്ന കൊടുങ്ങല്ലൂർ തീരസംരക്ഷണ പ്രവൃത്തിയുടെ വിശദമായ പദ്ധതി റിപ്പോർട്ട് (DPR) തയ്യാറാക്കി സർക്കാരിൽ അംഗീകാരത്തിനായി ലഭ്യമായിട്ടുണ്ട്.ആയതു പരിശോധിച്ച് നടപടി സ്വീകരിക്കാവുന്നതാണ് .

(ബി) ആയതിൽ അംഗീകാരം ലഭിച്ചവ, പദ്ധതിയുടെ പുരോഗതി എന്നിവ വിശദമാക്കാമോ?

<u>മറുപടി:</u> ഗുരുവായൂർ മണ്ഡലത്തിനു കീഴിൽ കടൽക്ഷോഭം നേരിടുന്നതിനും തീരശോഷണം തടയുന്നതിനുമായി നിലവിൽ പുരോഗമിച്ചു വരുന്ന പ്രവൃത്തികളും പ്രൊപ്പോസലുകൾ സമർപ്പിച്ചതുമായ പ്രവൃത്തികളുടെ **പട്ടിക അനുബന്ധമായി** ചേർക്കുന്നു.

കൂടാതെ ഗുരുവായൂർ മണ്ഡലത്തിൽ കടൽക്ഷോഭം നേരിടുന്നതിനും തീരസംരക്ഷണം ഉറപ്പാക്കുന്നതിനുമായി മിഷൻ ഡയറക്ടറുടെ കീഴിൽ താഴെപ്പറയുന്ന പദ്ധതികൾ തയ്യാറാക്കിയിട്ടുണ്ട്.

1.കടപ്പുറം ഗ്രാമപഞ്ചായത്തിലെ തീരസംരക്ഷണ പദ്ധതി: തൃശ്ശൂർ ജില്ലയിലെ ഗുരുവായൂർ മണ്ഡലത്തിൽ കടപ്പുറം ഗ്രാമപഞ്ചായത്തിലെ CP 1381 മുതൽ CP 1409 വരെയുള്ള ഏകദേശം 5 കിലോമീറ്റർ നീളത്തിലുള്ള തീരപ്രദേശത്ത് കടൽക്ഷോഭം തടയുന്നതിനും തീരസംരക്ഷണം ഉറപ്പാക്കുന്നതിനുമുള്ള പ്രവർത്തികൾ ലോകബാങ്ക് പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

2.ചെറ്റുവ-വാടാനപ്പള്ളി തീരസംരക്ഷണ പദ്ധതി: ചെറ്റുവ ബീച്ചിന് സമീപമുള്ള തീരപ്രദേശത്തെ (1030'23" N, 7602' 23" E) വടക്കൻ അതിർത്തിയായും വാടാനപ്പള്ളി ബീച്ചിന് വടക്കുഭാഗത്തുള്ള തീരപ്രദേശത്തെ (1027' 44" N, 7603' 48" E) തെക്കൻ അതിർത്തിയായും നിശ്ചയിച്ചിട്ടുള്ള ഏകദേശം 5.3 കിലോമീറ്റർ നീളത്തിലുള്ള തീരപ്രദേശത്ത് തീരസംരക്ഷണ പ്രവർത്തനങ്ങൾ ഏഷ്യൻ വികസന ബാങ്കിന്റെ (ADB) ധനസഹായത്തോടെ നടപ്പിലാക്കുന്നതിനായി ഉൾപ്പെടുത്തിയിട്ടുണ്ട്.

നിലവിൽ, ലോകബാങ്കിന്റെ (WB) ധനസഹായത്തോടെ നടപ്പിലാക്കാൻ ഉദ്ദേശിക്കുന്ന കടപ്പുറം തീരസംരക്ഷണ പ്രവൃത്തിയുടെ ഡിസൈൻ പുരോഗമിച്ചുവരികയാണ്. ഡിസൈൻ പൂർത്തിയായി പ്രവൃത്തിയുടെ എസ്റ്റിമേറ്റ് സർക്കാരിൽ ലഭ്യമാക്കുന്ന മുറക്ക് പരിശോധിച്ചു നടപടി സ്വീകരിക്കാവുന്നതാണ്.

കൂടാതെ, ഏഷ്യൻ വികസന ബാങ്കിന്റെ (ADB) ധനസഹായത്തോടെ നടപ്പിലാക്കാൻ ഉദ്ദേശിക്കുന്ന കൊടുങ്ങല്ലൂർ തീരസംരക്ഷണ പ്രവൃത്തിയുടെ വിശദമായ പദ്ധതി റിപ്പോർട്ട് (DPR) തയ്യാറാക്കി സർക്കാരിൽ അംഗീകാരത്തിനായി ലഭ്യമായിട്ടുണ്ട്.ആയതു പരിശോധിച്ച് നടപടി സ്വീകരിക്കാവുന്നതാണ് .

സെക്ഷൻ ഓഫീസർ

അനുബന്ധം

SL No.	Name of Work	Estimate Amount (Lakhs)	Remarks
1	GENERAL–Sea coast protection–Construction of seawall for a length of 500m in Punnayurkulam Panchayath– KKM–General Civil Work	447	56% work completed . Work in progress. TOC extended up to 20.12.2026.
2	GENERAL–SEACOAST PROTECTION–Construction of Core wall between CP 1397 and 1398 in Kadappuram Panchayath in Thrissur District– Balance work–General Civil Work	14.6	50% work completed
3	GENERAL–SEACOAST PROTECTION–Construction of Core wall near CP 1395 and 1397 in Kadappuram GP– Balance work 2–General Civil Work	43	LOA Issued to the Contractor
4	General – Urgent Seacoast Protection – Protection works to Sea coast by Constructing Rubble mound for a length of 200m between CP 1400 and 1401 towards north near Njolly road in KadappuramPanchayath in Thrissur District – General Civil Work	46.10	Estimate has been prepared, work may be undertaken subject to availability of fund and priority